വിൽക്കുന്നതിന് യാതൊരു നിയമ തടസ്സവും ഇല്ലെന്ന് വ്യക്തമാക്കിക്കൊണ്ടും ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആവശ്യമുള്ള പക്ഷം ഹ്രസ്വകാലത്തേയ്ക്ക് കടമായി സാധനങ്ങൾ നല്കുവാനും സിവിൽ സപ്ലൈസ് കോർപ്പറേഷൻ തയ്യാറാണ്.

എഫ്.സി.ഐ. ഗോഡൗണുകൾ സ്വകാര്യമേഖലയ്ക്ക് കൈമാറാനുള്ള കേന്ദ്ര നീക്കം

103 (114) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഫ്.സി.ഐ. ഗോഡൗണുകൾ സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ നീക്കം സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് തൊഴിലാളികളെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി & ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

കേന്ദ്ര സർക്കാർ ഭക്ഷ്യ സബ്സിഡി നിർത്തലാക്കിയതുമൂലം സംസ്ഥാന ഗവൺമെന്റിന് ഉണ്ടായ നഷ്ടം

104 (115) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രം ഭക്ഷ്യ സബ്സിഡി നിർത്തലാക്കിയതിലൂടെ സംസ്ഥാന ഗവൺമെന്റിനുണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് പരിഹരിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) കേന്ദ്ര ഭക്ഷ്യ സബ്സിഡി നിർത്തലാക്കിയത് സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇതു മൂലം സംസ്ഥാനത്തെ ജനങ്ങൾക്കും സർക്കാരിനും വളരെയധികം ബുദ്ധിമുട്ട് ഉണ്ടായിട്ടുണ്ട്. റേഷനരിക്ക് സബ്സിഡി നൽകി വില കുറച്ച് ജനങ്ങൾക്ക് നൽകുന്നതിനായി 150 കോടിയോളം രൂപ സംസ്ഥാന സർക്കാർ ചെലവഴിക്കേണ്ടി വരുമെന്നാണ് ഉദ്ദേശിക്കുന്നത്.

(സി) കേന്ദ്രം അനുവദിച്ച 25% കുടുംബങ്ങൾക്കു പുറമെ 17% കുടുംബങ്ങൾക്കുകൂടി സംസ്ഥാന സർക്കാർ സബ്സിഡി നൽകി ആകെ 42% കുടുംബങ്ങൾക്ക് പ്രതിമാസം 20 കിലോഗ്രാം അരി കിലോഗ്രാമിന് 6.40 രൂപ നിരക്കിൽ നൽകി വരുന്നു. കൂടാതെ ദാരിദ്യരേഖയ്ക്ക് മുകളിലുള്ള എല്ലാ കുടുംബങ്ങൾക്കും പ്രതിമാസം 16 കിലോഗ്രാം അരി കിലോഗ്രാമിന് രണ്ടു രൂപ നിരക്കിൽ സംസ്ഥാന സർക്കാർ സബ്സിഡിയോടു കൂടി 10.40 രൂപയ്ക്ക് നൽകുന്നു.

റേഷൻ സാധനങ്ങളുടെ വില നിലവാരം

105 (116) ശ്രീ.പി. ജെ. ജോയി :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ - വിനോദ സഞ്ചാര നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ റേഷൻ സാധനങ്ങളുടെ വില എത്ര വീതമായിരുന്നു ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം റേഷൻ സാധനങ്ങളുടെ വില എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു ; എന്നൊക്കെ ;

(സി) ഇപ്പോൾ റേഷൻ സാധനങ്ങളുടെ വില എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ റേഷൻ സാധനങ്ങൾക്ക് ഉണ്ടായിരുന്ന വിലയുടെ വിവരം ചുവടെ ചേർക്കുന്നു.

സുപ്പർ ഫൈൻ അരി	:	7.90 രൂപ/കി.ഗ്രാം
ഫൈൻ അരി	:	6.90 രൂപ/ "
ബി.പി.എൽ. അരി	:	3.90 രൂപ/ "
ഗോതമ്പ്	:	4.50 രൂപ/ "
പഞ്ചസാര	:	9.10 രൂപ/ "
മണ്ണെണ്ണ	:	2.70 മുതൽ 2.80 വരെ / ലിറ്റർ

LIBRARY ARCHIVES Kerala Legislative Assembly